**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 528

09.02.2016-ലെ മറുപടിയ്ക്ക്

## നിത്യോപയോഗ സാധനങ്ങളുടെ സബ്സിഡി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.സി.ദിവാകരൻ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) പൊതുവിപണിയിൽ സാധാരണക്കാർക്ക് ആശ്വാസകരമായ രീതിയിൽ സബ്സിഡി നൽകി നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കാതിരുന്നതിന് സ്വീകരിച്ച നിലപാട് വ്യക്തമാക്കാമോ; | (എ) പൊതുവിപണിയിൽ വിലക്കയറ്റത്തിന് സാധ്യതയേറിയ ഉത്സവകാലങ്ങളിൽ സാധാരണക്കാർക്ക് ആശ്വാസകരമായ രീതിയിൽ സബ്സിഡി നൽകി നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതിന് സർക്കാർ കാലാകാലങ്ങളിൽ ബഡ്ജറ്റിൽ സബ്സിഡിയിനത്തിൽ നിശ്ചിത തുക വകയിരുത്തുകയും, പ്രസ്തുത തുക കൂടാതെ അഡീഷണൽ ഓതറൈസേഷൻ വഴി തുക നൽകുകയും ചെയ്തിട്ടുണ്ട്. വിപണികളിൽ പരമാവധി സാധനങ്ങൾ തടസ്സം കൂടാതെ നൽകുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) സബ്സിഡിയിനത്തിൽ എത്ര തുകയാണ് ചെലവഴിച്ചതെന്ന് അറിയിക്കാമോ? | (ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം സബ്സിഡിയിനത്തിൽ 380.30 കോടി രൂപ കൺസ്യൂമർഫെഡ് ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ